## 14 -ാം കേരള നിയമസഭ

## 22 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 898** **14-01-2021 - ൽ മറുപടിയ്ക്ക്**

## മൃഗസംരക്ഷണ മേഖലയിൽ സുഭിക്ഷ കേരളം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജെയിംസ് മാത്യു<br>ശ്രീമതി വീണാ ജോർജ്ജ് ,<br>ശ്രീ. വി. അബ്ദുറഹിമാൻ,<br>ശ്രീ. എസ്. രാജേന്ദ്രൻ | | Shri. K Raju<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | കോവിഡ് രോഗവ്യാപനവും ആവർത്തിച്ചുണ്ടായ പ്രളയവും വരൾച്ചയും മൃഗസംരക്ഷണ ക്ഷീരോല്പാദന മേഖലയിൽ ഏറെ പ്രതിസന്ധി സൃഷ്ടിച്ചതു മറികടക്കാൻ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ ഫലം കണ്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | എ ഉണ്ട്. മൃഗസംരക്ഷണ വകുപ്പ് :കോവിഡ് 19-ന്റെ പശ്ചാത്തലത്തിലുള്ള ലോക്ക്ഡൗൺ കാലയളവിൽ സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽ നിന്നും അനുവദിച്ച 5 കോടി രൂപ സ്വകാര്യ ഉടമസ്ഥതയിലുള്ള ആനകൾ ഉൾപ്പെടെയുള്ള വളർത്തുമൃഗങ്ങൾക്ക് തീറ്റ നൽകുന്നതിനും കോവിഡ് മൂലം നിരീക്ഷണ ത്തിൽ കഴിയുന്ന കർഷകരുടെ പശുക്കൾക്ക് തീറ്റ നൽകുന്നതിനുമായി വിനിയോഗിച്ചു. 2018 ലെ പ്രളയവുമായി ബന്ധപ്പെട്ട് ഉരുക്കൾ നഷ്ടപ്പെട്ട കർഷകർക്ക് ദുരന്തനിവാരണ മാനദണ്ഡപ്രകാരം ₹ 21,99,47,640/- രൂപ നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ₹ 2,68,13,400/- രൂപയുടെ കാലിത്തീറ്റ പ്രളയ ബാധിത പ്രദേശങ്ങളിൽ വിതരണം ചെയ്തിട്ടുണ്ട്. പ്രളയബാധിത പ്രദേശത്ത് മൃഗസംരക്ഷണ വകുപ്പ് ₹ 65,80,000/- രൂപ ചെലവഴിച്ച് 329 ചികിത്സ ക്യാമ്പുകളും സംഘടിപ്പിച്ചു. 2019 ലെ പ്രളയത്തിൽ അടിയന്തിര മൃഗചികിത്സ ലഭ്യമാക്കുന്നതിന് സംസ്ഥാന ത്തൊട്ടാകെ 22 ലക്ഷം രൂപ ചെലവഴിച്ച് 342 മൃഗചികിത്സ ക്യാമ്പുകൾ സംഘടിപ്പിച്ചു. പ്രളയ ബാധിത മേഖലയിൽ മിൽമ, കേരള ഫീഡ്സ് എന്നീ സ്ഥാപനങ്ങൾ മുഖേന കാലിത്തീറ്റ, ധാതുലവണ മിശ്രിതം, TMR എന്നിവ വിതരണം ചെയ്തു. കൂടാതെ പ്രളയത്തിൽ ഉരുക്കൾ നഷ്ടപ്പെട്ട കർഷകർക്ക് 3.01 കോടി രൂപ ധനസഹായമായി വിതരണം ചെയ്തു. ക്ഷീരവികസന വകുപ്പ് : പ്രളയദുരിതാശ്വാസം എന്ന നിലയിൽ 44 കോടി രൂപയുടെ വിവിധ പദ്ധതികളും കോവിഡ് സഹായം എന്ന നിലയിൽ 11.83 കോടി രൂപയുടെ കാലിത്തീറ്റ ധനസഹായവും നൽകുകയുണ്ടായി. ഈ കാലഘട്ടത്തിൽ പാൽ സംഭരണത്തിൽ ഗണ്യമായ കുറവ് |

| | | | |
|---|---|---|---|
| | | | രേഖപ്പെടുത്തിയെങ്കിലും ഇപ്പോൾ സഹകരണ മേഖലയിലെ പാൽ സംഭരണം സർവ്വകാല റെക്കോഡായ പ്രതിദിന ശരാശരി 20.83 ലക്ഷം ലിറ്റർ എന്ന നിലയിൽ എത്തിയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | പ്രളയകാലത്ത് വളർത്തുമൃഗങ്ങൾ നഷ്ടപ്പെട്ട കർഷകർക്ക് നൽകിയ സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | ബി) 2018 ലെ പ്രളയവുമായി ബന്ധപ്പെട്ട് മൃഗസംരക്ഷണ മേഖലയിൽ 172.08 കോടി രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. പ്രളയവുമായി ബന്ധപ്പെട്ട് ഉരുക്കൾ നഷ്ടപ്പെട്ട കർഷകർക്ക് ദുരന്തനിവാരണ മാനദണ്ഡ പ്രകാരം ₹ 21,99,47,640/- രൂപ നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ₹ 2,68,13,400/- രൂപയുടെ കാലിത്തീറ്റ പ്രളയ ബാധിത പ്രദേശങ്ങളിൽ വിതരണം ചെയ്തിട്ടുണ്ട്. പ്രളയബാധിത പ്രദേശത്ത് മൃഗസംരക്ഷണ വകുപ്പ് ₹ 65,80,000/- രൂപ ചെലവഴിച്ച് 329 ചികിത്സ ക്യാമ്പുകളും സംഘടിപ്പിച്ചു. 2019ലെ പ്രളയത്തിൽ 32.94 കോടി രൂപയുടെ നഷ്ടം മൃഗസംരക്ഷണ മേഖലയിൽ സംഭവിച്ചിട്ടുണ്ട്. പ്രളയത്തിൽ അടിയന്തിര മൃഗചികിത്സ ലഭ്യമാക്കുന്നതിന് സംസ്ഥാന- ത്തൊട്ടാകെ 22 ലക്ഷം രൂപ ചെലവഴിച്ച് 342 മൃഗചികിത്സ ക്യാമ്പുകൾ സംഘടിപ്പിച്ചു. പ്രളയബാധിത മേഖലയിൽ മിൽമ, കേരള ഫീഡ്സ് എന്നീ സ്ഥാപനങ്ങൾ മുഖേന കാലിത്തീറ്റ, ധാതുലവണ മിശ്രിതം, TMR എന്നിവ വിതരണം ചെയ്തു. 2019ലെ പ്രളയത്തിൽ ഉരുക്കൾ നഷ്ടപ്പെട്ട കർഷകർക്ക് 3.01 കോടി രൂപ ധനസഹായമായി വിതരണം ചെയ്തു. ക്ഷീരവികസന വകുപ്പ് പ്രളയകാലത്ത് വളർത്തുമൃഗങ്ങൾ നഷ്ടപ്പെട്ട കർഷകർക്ക് ഒരു പശു, രണ്ട് പശു,. അഞ്ച് പശു, പശുവും കിടാരിയും അടങ്ങിയ കോമ്പോസിറ്റ് ഡയറി യൂണിറ്റ്, കർഷകർക്കുള്ള അവശ്യാധിഷ്ഠിത ധനസഹായം, ശാസ്ത്രീയ കാലിത്തൊഴുത്തിന്റെ നിർമ്മാണം, കാലിത്തൊഴുത്തിന്റെ അറ്റകുറ്റ പ്പണികൾ, ധാതുലവണ മിശ്രിതം, വാണിജ്യാ ടിസ്ഥാനത്തിലുള്ള ഫാമുകൾക്ക് നാശനഷ്ടം നികത്തുന്നതിനുള്ള പ്രത്യേക സഹായം, കണ്ടിജൻസി ഫണ്ട് എന്നിങ്ങനെ വിവിധ സഹായങ്ങൾ നൽകിയിട്ടുണ്ട്. |
| (സി) | കോവിഡ് സൃഷ്ടിച്ച സാമ്പത്തിക ആഘാതം തരണം ചെയ്യുന്നതിന്റെ ഭാഗമായുള്ള സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി മൃഗസംരക്ഷണ മേഖലയിൽ നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം നൽകുമോ? | (സി) | സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി മൃഗസംരക്ഷണ മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു. സംസ്ഥാന പദ്ധതിയിൽ നിന്ന് 154.15 കോടി രൂപയും റീബിൽഡ് കേരള പദ്ധതി യിൽ നിന്ന് 77 കോടി രൂപയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി കളിൽ നിന്ന് 409.44 കോടി രൂപയുമാണ് മൃഗസംരക്ഷണ വകുപ്പിന് കീഴിൽ |

| | | | |
|---|---|---|---|
| | | | സുഭിക്ഷ കേരളം പദ്ധതിക്കായി നീക്കി വച്ചിരിക്കുന്നത്. താഴെ പറയുന്ന സംസ്ഥാന പദ്ധതി കളാണ് സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിയ്ക്കുന്നത്. 1. ഗോവർദ്ധിനി 2. ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ് 3. കമേഴ്സ്യൽ ഗോട്ടറി 4. മെയിൽ കാഫ് ഫാറ്റനിംഗ് 5. NLMഗോട്ട് സ്കീം റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ കീഴിൽ (RKI) മൃഗസംരക്ഷണ മേഖലയിൽ നഷ്ടങ്ങൾ സംഭവിച്ച കർഷകർക്ക് ജീവനോപാധികൾ നൽകുന്നതിനായി 77 കോടിയുടെ താഴെപ്പറ യുന്ന പദ്ധതികൾ നടപ്പിലാക്കുന്നു. 1. പശുവളർത്തൽ 2. കിടാരി വളർത്തൽ 3. തൊഴുത്ത് നിർമ്മാണം 4. കാലിത്തീറ്റ സബ്സിഡി 5. കന്നുകാലി ഫാമുകളുടെ ആധുനികവത്കരണം 6. തീറ്റപ്പുൽ ഉല്പാദനം പദ്ധതി 7. ആട് വളർത്തൽ പദ്ധതി 8. വീട്ടുവളപ്പിലെ കോഴിവളർത്തൽ പദ്ധതി 9. പന്നി വളർത്തൽ പദ്ധതി 10. താറാവ് വളർത്തൽ പദ്ധതി 11. കന്നുകുട്ടികൾക്ക് പരിരക്ഷ ഉറപ്പാക്കാൻ തീറ്റ സബ്സിഡി ക്ഷീരവികസന വകുപ്പ് സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി കറവപ്പശുക്കൾ, കിടാരികൾ എന്നിവയെ വാങ്ങുന്നതിനും, തീറ്റ പ്പുൽകൃഷിയ്ക്കുമുള്ള ധനസഹായം, കറവപ്പശു ക്കളെ ഇൻഷ്വർ ചെയ്യുന്നതിനും, കാലി ത്തൊഴുത്ത് പുതിയതായി നിർമ്മിക്കുന്ന തിനും റിപ്പയർ ചെയ്യുന്നതിനുമുള്ള സഹായം, മിൽക്ക് ഇൻസെന്റീവ്, കാലിത്തീറ്റ സബ് സിഡി എന്നിവ നടപ്പിലാക്കുന്നു. |

സെക്ഷൻ ഓഫീസർ